(സി) ക്ഷേമനിധിയിലേക്ക് ലഭിച്ച സെസ്സ് തുക ഏതെല്ലാം ആവശ്യങ്ങൾക്കാണ് ക്ഷേമനിധി ബോർഡ് ഉപയോഗിക്കുന്നത് ;

(ഡി) ഇത് സംബന്ധിച്ച് ഈ സാമ്പത്തിക വർഷം എന്ത് തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട് ;

(ഇ) അതിൽ എന്തു തുക നാളിതുവരെ ക്ഷേമനിധിയിലേക്ക് ലഭ്യമാക്കിയിട്ടുണ്ട് ?

ഉത്തരം

(എ) കേരള കയർ തൊഴിലാളിക്ഷേമ സെസ്സ് നിയമം 31-1-2009 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. ഇതനുസരിച്ച് വ്യാപാരികൾ, കയറ്റുമതിക്കാർ തുടങ്ങിയവരിൽ നിന്നും അവരുടെ വിറ്റ് വരവിന്റെ 0.35% തുക സെസ്സ് ഇനത്തിൽ ഈടാക്കേണ്ടതുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചതിനെ തുടർന്ന് കയറ്റുമതിക്കാരും വ്യാപാരികളും സെസ്സ് നിയമത്തിന്റെ ഭരണ ഘടനാ സാധ്യതയെ ചോദ്യം ചെയ്ത് ബഹു.ഹൈക്കോടതിയെ സമീപിക്കുകയും ബഹു.ഹൈക്കോടതിയുടെ നടപടിയെ തുടർന്ന് സെസ്സ് തുക നിലവിൽ പിരിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ തീർപ്പിനു വിധേയമായി മാത്രമേ സെസ്സ് തുക പിരിക്കാൻ കഴിയൂ.

(ബി) 31-1-2009 മുതൽ സെസ്സിൽ നിന്നുള്ള വരുമാനം ഇതുവരെ കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് ലഭിച്ചിട്ടില്ല.

(സി) മുകളിൽ സൂചിപ്പിച്ച കാരണത്താൽ സെസ്സ് നിയമപ്രകാരമുള്ള തുക ലഭിച്ചു തുടങ്ങിയിട്ടില്ല.

(ഡി) 2010-11-ലെ ബഡ്ജറ്റിൽ പദ്ധതിയേതര വിഭാഗത്തിൽ 2008-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ആക്ട് പ്രകാരം പിരിച്ചെടുത്ത തുക കേരള കയർ തൊഴിലാളി ക്ഷേമനിധിയിലേക്ക് കൈമാറുന്നതിന് '285-100-106-28' എന്ന ശീർഷകത്തിൽ 1,000 രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(ഇ) സെസ്സ് നിയമം നടപ്പാക്കാൻ കഴിയാത്തതിനാൽ ഈ ഇനത്തിൽ ക്ഷേമനിധി ബോർഡിന് തുക ഒന്നും തന്നെ ലഭിച്ചിട്ടില്ല.

കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്റർ

38 (5443) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തൊഴിൽ ശാലകളിലെ രാസാപകടങ്ങൾ നിയന്ത്രിക്കുന്നതിനായി സ്ഥാപിച്ച കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്ററിന്റെ പ്രവർത്തനം പൂർണ്ണ തോതിൽ തുടങ്ങിയിട്ടുണ്ടോയെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്തർദേശീയ നിലവാരമുള്ള സ്ഥാപനമാക്കി ഇതിനെ മാറ്റാൻ ആവശ്യമായ എന്തൊക്കെ സജ്ജീകരണങ്ങളാണ് ഇവിടെ ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) അപകടകരമായ രാസവസ്തുക്കൾ ഉപയോഗിക്കുന്ന വ്യവസായ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നവർക്ക് ഇത്തരം രാസവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ പരിശീലനം നൽകുന്നതിന് ഇവിടെ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് ;

(ഡി) ഈ സ്ഥാപനത്തിൽ ആധുനിക സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിന് കേന്ദ്ര തൊഴിൽ മന്ത്രാലയത്തിൽ നിന്നും എന്തൊക്കെ സഹകരണങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പൂർണ്ണതോതിൽ തുടങ്ങിയിട്ടില്ല.

(ബി) കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്റർ അന്തർദേശീയ നിലവാരത്തിലുള്ള സ്ഥാപനമായി മാറ്റാനാണ് ഉദ്ദേശിക്കുന്നത്. ആരംഭമായി 1.38 കോടി രൂപയോളം മുടക്കി ആധുനിക രീതിയിലുള്ള കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 20.52 ലക്ഷം രൂപ മുടക്കി അത്യാവശ്യമായ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. കൂടുതൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി 1.83 കോടിയുടെ ഒരു പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു.

(സി) പ്രാരംഭഘട്ടത്തിൽ കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്ററിൽ വച്ച് തൊഴിലാളികൾക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുന്നതാണ്. ആദ്യത്തെ ട്രെയിനിംഗ് ഒക്ടോബർ മാസം നടത്തുന്നതാണ്. രാസാപകടങ്ങൾ കൈകാര്യം ചെയ്യുന്ന വ്യവസായശാലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും ജീവനക്കാർക്കുംവേണ്ടി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സംവിധാനം ഈ സെന്ററിലുണ്ട്.

(ഡി) കേന്ദ്ര തൊഴിൽ മന്ത്രാലയത്തിൽ നിന്നും യാതൊരുവിധ സഹായ സഹകരണങ്ങളും ഇതുവരെ ലഭിച്ചിട്ടില്ല. എന്നാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടി 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ ആദ്യ ഗഡുവായി 30 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്.

ഐ. ടി. മേഖലയിലെ ചൂഷണം

39 (5444) ശ്രീ. പി. ജയരാജൻ :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. വി. ശിവൻകുട്ടി:
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഐ.ടി.മേഖലയിൽ നടക്കുന്ന തൊഴിലാളി ചൂഷണം തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly